# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 5153 — 02-07-2013-ൽ മറുപടിക്ക്

### കരാർ തൊഴിലാളികൾക്ക് പരിഷ്ക്കരിച്ച വേതനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .എ.കെ.ബാലൻ | | ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) | |
| (എ) | കെ.എസ്ഇ.ബി.യിൽ നിലവിൽ എത്ര കരാർ തൊഴിലാളികളാണ് ഉള്ളത്; ഈ സർക്കാർ വന്നതിന് ശേഷം എത്ര പേരെ പുതുതായി നിയമിച്ചിട്ടുണ്ട്; | (എ) | കരാറടിസ്ഥാനത്തിൽ ആരെയും നിയമിച്ചിട്ടില്ല. ആവശ്യകതയും പൊതുജന താൽപര്യവും കണക്കാക്കി ചില പ്രവൃത്തികൾക്കാണ് കരാർ നൽകി വരുന്നത് |
| (ബി) | പ്രസ്തുത ജീവനക്കാർക്ക് യഥാ സമയം വേതനം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ എത്ര മാസത്തെ വേതനമാണ് ഇപ്പോൾ കുടിശ്ശികയായിട്ടുള്ളത്; ഇവരുടെ വേതന കുടിശ്ശിക എന്നത്തേക്ക് തീർക്കാൻ കഴിയുമെന്നാണ് ബോർഡ് പ്രതീക്ഷിക്കുന്നത്; | (ബി) | ബാധകമല്ല |
| (സി) | എത്ര കരാർ തൊഴിലാളികൾ ഈ സർക്കാർ വന്നതിന് ശേഷം ജോലിക്കിടെ മരണപ്പെട്ടിട്ടുണ്ട് ; ഇവർക്ക് നഷ്ട പരിഹാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ; | സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ബോർഡിനു വേണ്ടി ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടത്തിൽപെട്ട് 28 കരാർ തൊഴിലാളികൾ മരണപ്പെട്ടിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്തുവന്ന മരണപ്പെട്ട കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് 1923 ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം അനുവദിക്കുന്നതിന് അർഹത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ 98,98,280/- രൂപ (തൊണ്ണൂറ്റി എട്ട് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തി ഇരുന്നൂറ്റി എൺപത് രൂപ മാത്രം) വൈദ്യുതി ബോർഡിൽ നിന്നും |

അനുവദിച്ചിട്ടുണ്ട്.

മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന കരാർ തൊഴിലാളികൾക്ക് ജോലിക്കിടയിൽ അപകടം/അപകട മരണം സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം കരാറുകാരനായിരിക്കും. ടി ജോലികൾ ഏറ്റെടുക്കുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്.

| | | | |
|---|---|---|---|
| (ഡി) | ഈ സർക്കാർ വന്നതിന് ശേഷം എത്ര കരാർ തൊഴിലാളികളെ പിരിച്ചു വിട്ടിട്ടുണ്ട്. | (ഡി) | ബാധകമല്ല. |
| (ഇ) | മുഴുവൻ കരാർ തൊഴിലാളികൾക്കും പരിഷ്ക്കരിച്ച ലേബർ ഡാറ്റ പ്രകാരം വേതനം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഇപ്രകാരം നൽകാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | 2012 PWD Schedule പ്രകാരമുള്ള Uniform Labour Data നടപ്പാക്കിയിട്ടുണ്ട് |

(signature)

സെക്ഷൻ ഓഫീസർ